കണ്ണൂർ ജില്ലയിലെ വീവേഴ്സ് സഹകരണ സംഘങ്ങളെ റിക്കവറിയിൽ നിന്നും ഒഴിവാക്കാൻ നടപടി

72 [2844] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചൊവ്വ വീവേഴ്സ് സഹകരണ സംഘം, മയ്യിൽ വീവേഴ്സ് സഹകരണസംഘം, കാഞ്ഞിരോട് വീവേഴ്സ് സംഘം, കൗസല്യ വീവേഴ്സ് എന്നിവയെ ഇ.എസ്.ഐ. പദ്ധതിയിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യത്തിനുമേൽ സ്വീകരിച്ച നടപടികളെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇ.എസ്.ഐ. കോർപ്പറേഷൻ ജപ്തി നടപടികൾ സ്വീകരിക്കുകയും സംഘങ്ങളുടെ ബാങ്ക് നിക്ഷേപത്തിൽ നിന്നും മുന്നറിയിപ്പുകൂടാതെ തുക ഈടാക്കുകയും ചെയ്യുന്ന കാര്യം സർക്കാരിനറിവുണ്ടോ;

(സി) എങ്കിൽ ടി സംഘങ്ങളെ ഇ.എസ്.ഐ. പദ്ധതിയിൽനിന്നും ഒഴിവാക്കുന്നതുവരെ റിക്കവറി നടപടികൾ നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ ചൊവ്വ വീവേഴ്സ് സഹകരണ സംഘത്തിനെ 1-2-2002 മുതൽ 31-1-2004 വരെ ഇ.എസ്.ഐ. പദ്ധതിയിൽ നിന്ന് ഒഴിവാക്കികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മയ്യിൽ വീവേഴ്സ് സഹകരണസംഘം, കാഞ്ഞിരോട് വീവേഴ്സ് സഹകരണ സംഘം, കൗസല്യ വീവേഴ്സ് സഹകരണ സംഘം, എന്നിവരിൽ നിന്നും ലഭിച്ച അപേക്ഷകൾ ഇ.എസ്.ഐ. റീജിയണൽ ബോർഡ് ചുമതലപ്പെടുത്തിയിട്ടുള്ള സബ് കമ്മിറ്റിയുടെ പരിഗണനയിലാണ്. ഇ.എസ്.ഐ. നൽകിവരുന്ന ആനുകൂല്യങ്ങളെക്കാൾ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്ന സ്ഥാപനങ്ങളെ മാത്രമേ ഇ.എസ്.ഐ. പദ്ധതിയിൽ നിന്ന് ഒഴിവാക്കാൻ നിയമം അനുവദിക്കുന്നുള്ളൂ.

(ബി) ജപ്തി നോട്ടീസ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കൗസല്യ വീവേഴ്സിനെതിരെ സ്വീകരിച്ചിട്ടുള്ള റിക്കവറി നടപടികൾ സർക്കാരിൽ നിന്ന് എക്സംപ്ഷൻ ഉത്തരവ് ലഭിച്ചാൽ മാത്രമേ നിർത്തിവെയ്ക്കുവാൻ സാധിക്കുകയുള്ളൂ എന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly